# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2756** — **17/6/2019**-ലെ മറുപടി

## വാട്ടർ അതോറിറ്റിയിൽ വിവരശേഖരണത്തിന് സോഫ്റ്റ് വെയർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയവുമായി ബന്ധപ്പെട്ട് പ്ലാനിംഗ്, മോണിറ്ററിംഗ്, ഓപ്പറേഷൻസ് വിഭാഗങ്ങൾ നടത്തുന്ന വിവരശേഖരണത്തിന് ഉചിതമായ സോഫ്റ്റ് വെയർ നിർമ്മിക്കുവാൻ തയ്യാറാകുമോ എന്ന് വിശദമാക്കുമോ; | (എ) & (ബി) കേരള വാട്ടർ അതോറിറ്റിയിൽ ഗൂഗിൾ സ്പ്രെഡ് ഷീറ്റ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിലവിൽ വിവരശേഖരണം നടത്തുന്നത്. വിവരശേഖരണവുമായി ബന്ധപ്പെട്ട് ഉചിതമായ സോഫ്റ്റ്‌വെയറിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുള്ളതിനാൽ വിവിധ വിഭാഗങ്ങളുടെ ആവശ്യകതയനുസരിച്ച് ആയത് നിർമ്മിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഇപ്രകാരം സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതു വഴി ആവർത്തിച്ചുള്ള വിവരശേഖരണവും ഇരട്ടിപ്പും സമയനഷ്ടവും ഒഴിവാക്കാൻ സാധിക്കുന്നതാണ്. |
| (ബി) ഇതുവഴി ആവർത്തിച്ചുള്ള വിവരശേഖരണം ഒഴിവാക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/